**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡ്രൈവിംഗ് പരിശീലന കേന്ദ്രം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിൽ ആദ്യ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരം അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ പ്രവർത്തനം ആരംഭിച്ചു.<br><br>കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തതിട്ടുണ്ട്.<br><br>അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.<br><br>നിലവിൽ 37 പേർ പരിശീലനത്തിലാണ്. |
| (സി) | സ്വകാര്യ ഡ്രൈവിംഗ് സ്കൂളുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കി വരുന്നു. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ പ്രവർത്തന രീതികൾ വിശദമാക്കൽ, മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ആർ.ടി.ഒ. പരിധികളിലും ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിക്കുന്നതാണ്.<br><br>നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിലെ സ്ഥല ലഭ്യത പരിശോധിച്ചാണ് പദ്ധതി നടപ്പാക്കാൻ ആലോചനയുള്ളത്. |

സെക്ഷൻ ഓഫീസർ